ओ३म्

# ദയാനന്ദ സന്ദേശം

## ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക


## DAYANANDA SANDESAM

*ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)*
*വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!*


പുസ്തകം : 8 ലക്കം : 6

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : തപസ്യ–മധു
ചാന്ദ്രമാസം : ഫാൽഗുനം–ചൈത്രം, കൊല്ലവർഷം 1195 കുംഭം–മീനം 2020 ഫെബ്രുവരി

വാർഷിക വരിസംഖ്യ : ₹ 100/– ദീർഘകാലം : ₹1500/–

ചന്ദ്രശേഖർ ആസാദ് (1906– 1931)


### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ഫെബ്രുവരി 2 : സ്വാമി ശ്രദ്ധാനന്ദ് ജയന്തി
ഫെബ്രുവരി 13 : സരോജിനി നായിഡു ജയന്തി
ഫെബ്രുവരി 19 : ഗുരുജി ഗോൾവൾക്കർ ജയന്തി
ഫെബ്രുവരി 26 : വീർ സവർക്കർ ജയന്തി
ഫെബ്രുവരി 27 : ചന്ദ്രശേഖർ ആസാദ് ജയന്തി

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 10**

**മധുച്ഛന്ദാ ഋഷിഃ|ഇന്ദ്രോ ദേവതാ|വിരാഡനുഷ്ടുപ്പ് ഛന്ദഃ|**
**ഗാന്ധാരഃ സ്വരഃ||**

**യുക്ഷ്വാ ഹി കേശിനാ ഹരീ വൃഷ്ണാ കക്ഷ്യപ്രാ ।**
**അഥാ ന ഇന്ദ്ര സോമപാ ഗിരാമുപശ്രുതിം ചര ॥**

**(ഋഗ്വേദം 1.10.3)**

**പദാർഥം** :- അല്ലയോ (സോമപാഃ) ഉത്തമപദാർത്ഥങ്ങളുടെ രക്ഷകനും (ഇന്ദ്ര) എല്ലാത്തിലും വ്യാപിച്ചു വർത്തിക്കുന്നവനുമായ ഈശ്വര! എപ്രകാരമാണോ അങ്ങയാൽ രചിക്കപ്പെട്ട സൂര്യലോകം തന്റെ (കേശിനാ) പ്രകാശയുക്തവും ബലവും ആകർഷണവുമായുള്ളത് അതായത് പദാർത്ഥങ്ങളെ വലിക്കാനുള്ള സാമർത്ഥ്യം (വൃഷണാ) മഴയുടെ ഹേതുവും (കക്ഷ്യപ്രാ) തന്റെ സഞ്ചാരപഥങ്ങളിൽ ഉല്പ്പന്നമായ പദാർത്ഥങ്ങൾ പൂർണ്ണമാക്കുക അഥവാ (ഹരീ) ഹരണവും വ്യാപ്തിയുമുണ്ടാക്കുന്ന സ്വഭാവമുള്ള കുതിരകൾക്ക് സമാനവും ആകർഷണഗുണമുള്ളതും ആവുന്നത് അവയെ അങ്ങ് രണ്ടു കാര്യങ്ങൾക്കായി യോജിപ്പിക്കുന്നു. അതേപോലെ അങ്ങ് (നഃ) ഞങ്ങൾക്കും എല്ലാ വിദ്യകളുടെയും പ്രകാശത്തിനായി ആ വിദ്യകളാൽ (യുക്ഷ്വ) യുക്തമാക്കിയാലും. (അഥ) ഇതിനുശേഷം അങ്ങയുടെ സ്തുതി ചെയ്യുന്ന (നഃ) ഞങ്ങളുടെ (ഗിരാം) വാണിയെ അവരുടെ (ഉപശ്രുതിം) ശ്രവണത്തിനായി (ചര) സ്വീകാര്യം അഥവാ പ്രാപ്തമാക്കിയാലും.

**ഭാവാർത്ഥം** : ഈ മന്ത്രത്തിൽ ലുപ്തോപമാലങ്കാരമാണ്. എല്ലാ മനുഷ്യർക്കും സർവ്വവിദ്യകളും പഠിക്കുന്നതോടൊപ്പം ഉത്തമ ക്രിയകളിൽ കുശലതയും ഉണ്ടാവണം. എപ്രകാരമാണോ സൂര്യന്റെ ഉത്തമ പ്രകാശം ലോകത്തിൽ ഉണ്ടാവുന്നത്, അതേപോലെ ഈശ്വരന്റെ ഗുണവും വിദ്യാപ്രകാശവും എല്ലാറ്റിലും ഉപയോഗിക്കേണ്ടതാണ്.

(തുടരും)

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)**

**"സത്യത്തെ ഗ്രഹിക്കുന്നതിനും അസത്യത്തെ ത്യജിക്കുന്നതിനും എല്ലായ്പ്പോഴും മനുഷ്യർ തികഞ്ഞ ശ്രദ്ധ പുലർത്തണം."**

**- മഹർഷി ദയാനന്ദ സ്വരസ്വതി**

**അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)**

**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 8 ലക്കം 8

**സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : തപസ്യ-മധു**

**ചാന്ദ്രമാസം : ഫാൽഗുനം- ചൈത്രം കൊല്ലവർഷം : 1195 കുംഭം- മീനം 2020 ഫെബ്രുവരി**



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ** : കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

വി. ഗോവിന്ദദാസ്

**പത്രാധിപ സമിതി** : കെ.കെ. ജയൻ, അജിതഗണേഷ്, പാർവ്വതി കൃഷ്ണൻ

**വ്യവസ്ഥാപകൻ**: പി ശ്രീജേഷ്


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | 5 |
| മനുസ്മൃതി | 6 |
| പുരാണങ്ങൾ : സത്യവും, മിഥ്യയും | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| വ്യവഹാര ഭാനുഃ | 12 |
| മാപ്പിള | 13 |
| വൈദിക നിത്യകർമ്മവിധി | 14 |
| സൽസന്താനങ്ങളുടെ നിർമ്മാണം | 15 |
| ബൈബിൾ സ്വയംമാറ്റുരക്കുമ്പോൾ | 16 |
| Dhayananda the Great | 17 |
| വേദപുഷ്പങ്ങൾ | 18 |



**വിലാസം**

ദായനന്ദ സന്ദേശം, ആര്യസമാജം

പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ

വെള്ളിനേഴി തപാൽ, പാലക്കാട് - 679 504

Ph : 7907077891, 9446017440

Email :dayanandasandesam@gmail.com

Vist Us : www.aryasmajkerala.org.in


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



**അ**വയിൽ ധവള വസ്ത്രധാരികളായ 24 ശ്രേഷ്ഠന്മാർ. അവരുടെ ശിരസ്സിൽ സ്വർണ്ണക്കിരീടങ്ങൾ. സിംഹാസനത്തിൽ നിന്ന് മിന്നൽപ്പിണരുകളും ഇടിമുഴക്കങ്ങളും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിക്കുന്ന ഏഴു തീപ്പന്തങ്ങൾ. ഇവ ദൈവത്തിന്റെ സപ്താത്മാക്കളാണ്. സിംഹാസനത്തിനു മുമ്പിൽ ഒരു പളുങ്കുകടൽ. സിംഹാസനത്തിന്റെ മധ്യത്തിലും ചുറ്റിലുമായി നാലു ജീവികൾ. അവക്ക് മുന്നിലും പിന്നിലും നിറയെ കണ്ണുകൾ. ഒന്നാമത്തെ ജീവി സിംഹത്തെപ്പോലെ, രണ്ടാമത്തേത് കാളയെപ്പോലെ, മൂന്നാമത്തേതിന് മനുഷ്യന്റേതു പോലുളള മുഖം നാലാമത്തേത് പറക്കുന്ന കഴുകനെപ്പോലെ. ഈ നാലു ജീവികൾക്കും ആറു ചിറകുകൾ വീതം. ചുറ്റിലും ഉള്ളിലും നിറയെ കണ്ണുകൾ, രാപ്പകൽ ഇടവിടാതെ അവ ഉദ്ഘോഷിക്കുന്നു.

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**

**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

"ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ.... പരിശുദ്ധൻ...."

ഇസ്ലാമിലും, ദൈവം ഒരു മനുഷ്യസദൃശമായ രൂപമുള്ളയാളാണ്. സർവ്വശക്തൻ എന്നു വിശേഷിപ്പിക്കുന്ന ഏഴാം സ്വർഗ്ഗത്തിൽ വാണരുളി സ്വന്തം സിംഹാസനത്തിലിരുന്ന് നിയമം നടപ്പാക്കുന്നു. "മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം ചെയ്തു കൊണ്ട് സിംഹാസനത്തിനു ചുറ്റും വലയം ചെയ്യുന്നതായി നിനക്ക് കാണാം. അവർക്കിടയിൽ സൂര്യപ്രകാശം വിധി കൽപ്പിക്കപ്പെടും. ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി എന്നു പറയപ്പെടുകയും ചെയ്യും" (ഖുർആൻ 39.75). അന്ത്യന്യായ വിസ്താരദിനത്തിൽ (Judgement Day) മനുഷ്യരെല്ലാം മൂന്നു തരക്കാരായിത്തീരുമെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നു. "ദൈവത്തിന്റെ വലതുവശത്തു നില്ക്കുന്നവർ സത്യവിശ്വാസികളും ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചവരുമായിരിക്കും. ഇടതുവശത്തുള്ളവർ അവിശ്വാസികളും ദുഷ്കർമ്മങ്ങൾ ചെയ്തവരുമായിരിക്കും.സത്യവിശ്വാസത്തിലും സൽപ്രവൃത്തികളിലും മുന്നേറിയവർ പരലോകത്ത് മുൻവശത്തായിരിക്കും" (ഖുർആൻ 56:6-12). "ദൈവം എല്ലാവരുടെയും വിവരണങ്ങളും കർമ്മങ്ങളും പുസ്തകങ്ങളിൽ എഴുതിവെക്കും പുണ്യവാന്മാരുടെ രേഖ 'ഇല്ലിയ്യൂൻ' എന്നായിരിക്കും. പാപികളുടെ രേഖ 'സിജ്ജിൻ' എന്നും പറയും. രണ്ടു പുസ്തകങ്ങളും അന്ത്യവിധിനാളിൽ തുറക്കപ്പെടും. നല്ലവരെ സ്വർഗത്തിലേക്കും പാപികളെ നരകത്തിലേക്കും പറഞ്ഞുവിടും" (ഖുർആൻ 83:8-21). "സുകൃതവാന്മാർ സുഖാനുഭവത്തിൽ തന്നെയായിരിക്കും. മുദ്രവെക്കപ്പെട്ട ശുദ്ധമായ മദ്യത്തിന്റെ തിളക്കം നിനക്കറിയാം" (ഖുർആൻ 83:22).

പഴയനിയമത്തിൽ ദൈവം പ്രാഥമികമായി സ്വർഗത്തിലിരിക്കുകയാണെങ്കിലും ഇടക്കിടെ നേരിട്ടോ കത്തുന്ന കമ്പുകളായോ തീയോ മേഘമോ ആയോ ഭൂമിയിലേക്കിറങ്ങി വന്ന് പ്രവാചകനോട് തന്റെ സന്ദേശം അനുസരിക്കാൻ പറയുന്നുണ്ട്. പുതിയനിയമത്തിൽ ത്രിമൂർത്തികളായി പരിണമിച്ച് അതിൽ ഒരു ഭാഗം യേശുവായി ഭൂമിയിൽ അവതരിച്ച് ജനങ്ങളെ നല്ല മാർഗ്ഗം സ്വീകരിക്കാൻ ഉപദേശിച്ചു. എന്നാൽ ഖുറാനിൽ ദൈവം നേരിട്ട് താഴേക്കു വരുന്നില്ല. അതിനു പകരം ഗബ്രിയേൽ മാലാഖയെ ഒരു സന്ദേശവാഹകയായി മുഹമ്മദിന്റെ അടുത്തേക്ക് അയക്കുകയും മനുഷ്യനന്മക്കുള്ള ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. മുഹമ്മദുമായി നേരിട്ട് കാണാനും സംസാരിക്കാനും രാത്രിയിലെ യാത്രകളാണ് ദൈവം ഉപയോഗിക്കുന്നത്. ഈ വിവരണങ്ങൾ ശരിയാണെങ്കിൽ അബ്രഹാമിക് മതങ്ങളിലെ ദൈവം മനുഷ്യരെക്കാൾ താഴ്ന്ന നിലവാരം പുലർത്തുന്നവരാണ്. - **പത്രാധിപർ** (തുടരും)

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16. 41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

## അദ്ധ്യായം : 5 വേദവിഷയവിചാരഃ

**ഈ** രണ്ടിലും ഈശ്വരന്റെ പ്രതിപാദനമെന്തോ അതാണ് പ്രധാനം. എന്തെന്നാൽ വേദങ്ങളുടെ മുഖ്യതാൽപര്യം ഇതിലുണ്ട്. ഇതിനുശേഷം കഠവല്ലി, തുടങ്ങിയവയിൽ നിന്നുള്ള പ്രമാണങ്ങൾ എഴുതുന്നു. (സർവേ വേദാഃ) പരമപദം അതായത് ഏതൊന്നിന്റെ നാമമാണോ മോക്ഷം, അതിൽ പരബ്രഹ്മപ്രാപ്തി നേടി സദാ ['സദാ' എന്നതുകൊണ്ട് മോക്ഷ കാലാവധി പര്യന്തം എന്നർത്ഥമാക്കണം. മീമാംസാ ശാസ്ത്രത്തിൽ പൂർണാഹുത്യാ സർവ്വാൻ കാമാമവാപ്നോതി സർവ്വാൻ ലോകാൻ ജയതി എന്നിവയിൽ നൽകിയ 'സർവ്വ' എന്ന പദത്തിന്റെ അർത്ഥത്തെപ്പറ്റി ചിന്തനം നടത്തി എഴുതിയിരിക്കുന്നു. സർവത്വമാധികാരികമ് (മീമാംസ 1.2.16) 'സർവ്വം' എന്നതിനർത്ഥം സമ്പൂർണ്ണം എന്നല്ല. ആർക്ക് എത്ര കണ്ട് അധികാരമുണ്ടോ ആ വിഷയത്തിൽ സർവ്വത്ര അറിയണം. അതായത് പൂർണാഹുതിയാൽ എത്രത്തോളം അധികാരപ്രാപ്തി സംഭവമാണോ അത്രയും പൂർണാധികാരം ഉണ്ടാവുന്നു. അതേപോലെ ഇവിടെയും മോക്ഷത്തിന് എത്രകണ്ടു കാലമുണ്ടോ അത് 'സദാ' എന്ന ശബ്ദം കൊണ്ട് പറഞ്ഞിരിക്കുകയാണ് എന്നു മനസ്സിലാക്കണം.] സുഖത്തിൽ തന്നെ വർത്തിച്ച്, ആരാണോ എല്ലാവിധ ആനന്ദങ്ങളാലും യുക്തനും സർവ്വദുഃഖങ്ങളിൽ നിന്നും രഹിതനും സർവ്വശക്തിമാനായ പരബ്രഹ്മവും 'ഓം' തുടങ്ങിയ നാമമുള്ളവനും ആവുന്നത് അദ്ദേഹത്തിലാണ് എല്ലാ വേദങ്ങളുടെയും മുഖ്യതാല്പര്യമുള്ളത്. യോഗ സൂത്രത്തിലും (യജുർവേദത്തിലും തൈത്തിരീയ ആരണ്യകത്തിലും) (ഈ ബ്രാക്കറ്റിൽ കൊടുത്തഭാഗം വൈ.യ. അച്ചടിച്ച ഗ്രന്ഥത്തിലില്ല) ഇതിന് പ്രമാണമുണ്ട്. (തസ്യ.........) ഓങ്കാരനാമം പരമേശ്വരന്റേതു തന്നെയാണ്. (ഓം, ഖം.....) (ഓമിതി....) ഓം, ഖം എന്നീ രണ്ടും ബ്രഹ്മത്തിന്റെ നാമമാണ്. അദ്ദേഹത്തിന്റെ പ്രാപ്തിക്കായാണ് എല്ലാവേദങ്ങളും വർത്തിക്കുന്നത്. ഈ പ്രാപ്തിക്കു മുന്നിൽ മറ്റൊരു പദാർത്ഥങ്ങളുടെയും പ്രാപ്തി ഉത്തമമല്ല. എന്തെന്നാൽ ജഗത്തിന്റെ വർണ്ണന, ദൃഷ്ടാന്തം, ഉപയോഗം തുടങ്ങിയവ ചെയ്യുക, ഇവയെല്ലാം പരബ്രഹ്മത്തെയാണ് പ്രകാശിപ്പിക്കുന്നത്. (തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

**മ**നു 'അമിതൗജാഃ' = അത്യധിക ജ്ഞാനശക്തിയാൽ സമ്പന്നനായ വ്യക്തിയായിരുന്നു. [സ തൈഃ പൃഷ്ടസ്തഥാ സമ്യക് - അമിതൗജാഃ ||

(മനു 1.4)]

ഈ വിഷയത്തിലും അദ്ദേഹത്തിന്റെ അഗാധ പാണ്ഡിത്യത്തിന്റെ സൂചന ലഭിക്കുന്നു. എന്തെന്നാൽ മനു ധർമ്മപ്രവചനത്തിനുള്ള അധികാരം പൂർണ്ണ ബ്രഹ്മചര്യം പാലിച്ച് വിധിപൂർവ്വം വേദം പഠിച്ച് വേദാർത്ഥങ്ങളെ പ്രത്യക്ഷീകരിച്ചവർക്ക് മാത്രമാണ് നൽകിയത്. അവരുടെ വചനവും ആചരണവും മാത്രമാണ് ധർമ്മത്തിന് പ്രമാണമായി എടുക്കുന്നത്. ഏതൊരു വ്യക്തിയാണോ ധർമ്മനിർണയത്തിന് യോജിച്ച വിദ്വാന്മാരെ പ്രമാണമായി എടുക്കുന്നത് അവർ സ്വയം വിശിഷ്ട വിദ്വാന്മാരാവുമെന്നത് തീർച്ചയാണ്. അത്തരത്തിൽ അധികാരിയും വിദ്വാനുമായ വ്യക്തിയാൽ പറയപ്പെട്ട ധർമ്മശാസ്ത്രങ്ങളുടെ പ്രമാണികതയും മഹത്വവും ആരാണ് സ്വീകരിക്കാതിരിക്കുക?

ഇക്കാരണത്താലാണ് സമസ്ത ഭാരതീയ സാഹിത്യത്തിലും മനുവിന്റെ വചനങ്ങൾ ആദരദൃഷ്ടിയോടെ നോക്കിക്കാണുകയും പ്രമാണമായംഗീകരിക്കുകയും ചെയ്യുന്നത്. മനുസ്മൃതിയുടെ പ്രാമാണികതയും പ്രഭാവവും ജനകീയതയും വ്യക്തമാക്കാൻ ഏതാനും ഭാരതീയരുടെയും വിദേശീയരുടെയും പ്രമാണങ്ങൾ ഇവിടെ പറയുന്നു.

**(അ) ഭാരതത്തിൽ മനുസ്മൃതിയുടെ പ്രഭാവവും മഹത്വവും**

മനുസ്മൃതിയുടെ ആദ്യരൂപമെന്തായിരുന്നുവെന്ന് പിന്നീട് ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്. വൈദികകാലം മുതൽ തന്നെ മനുവിന്റെ ധർമ്മശാസ്ത്രത്തിന്റെ അസ്തിത്വം തീർച്ചയായുമുണ്ടായിരുന്നുവെന്ന് പറയാം.

(തുടരും)

ഈശാവാസ്യമിദം സർവ്വം (യജു. 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

## അദ്ധ്യായം 4 — പുരാണങ്ങൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

**അ**നാചാരങ്ങൾ നിറഞ്ഞ വൈദിക- സനാതന ധർമ്മത്തിന്റെ സ്ഥാനത്ത് അഹിംസയും നാസ്തികതയും അടിസ്ഥാന തത്ത്വങ്ങളായ ബുദ്ധ-ജൈന മതങ്ങൾ പ്രബലമായിത്തീർന്നു. യജ്ഞങ്ങളും വേദപാഠശാലകളും നിരോധിച്ചു. അഹിംസക്ക് പ്രാധാന്യം നല്കിയതിനാൽ ക്ഷത്രിയർ ആയോധനപരിശീലനം നിർത്തലാക്കി. സൈനികർ ആയുധമുപേക്ഷിച്ച് 'ബുദ്ധം ശരണം ഗച്ഛാമി ... സംഘം ശരണം ഗച്ഛാമി' എന്ന മുദ്രാവാക്യവുമായി ബുദ്ധഭിക്ഷുക്കളായി ത്തീർന്നു. വിദേശികളായവരും മുസ്ലീങ്ങളും യൂറോപ്യരും ലോകത്തെ ഏറ്റവും സമ്പൽസമൃദ്ധമായിരുന്ന ആര്യാവർത്തത്തെ ആക്രമിച്ച് കീഴടക്കാനായി പാഞ്ഞെത്തി. ആയുധം താഴെവച്ച് യുദ്ധസന്നാഹങ്ങളില്ലാത്ത അതിർത്തി രാജ്യങ്ങൾ ഒന്നൊന്നായി അവർ പിടിച്ചടക്കി.

ഈ പരിതസ്ഥിതിയിൽ സനാതനധർമ്മികൾ എന്ന പേരിൽ ശേഷിച്ചിരുന്ന ഒരു വിഭാഗം ജൈന-ബുദ്ധമതപ്രചാരണത്തിനടിപ്പെട്ട് തങ്ങളുടെ അനുയായികൾ ധർമഭ്രഷ്ടരാകുന്നതിൽ വ്യാകുലത പൂണ്ട് ഇതിൽനിന്നും രക്ഷനേടനുള്ള ഉപായങ്ങൾ ചിന്തിച്ചു തുടങ്ങി. ജൈനരെപ്പോലെ തങ്ങൾക്കും അവതാരങ്ങളും ക്ഷേത്രങ്ങളും പുരാണങ്ങളുമുണ്ടായാൽ ഇതിനു പരിഹാരമുണ്ടാവുമെന്നവർ മനസ്സിലാക്കി. അതോടെ വിഗ്രഹാരാധനയുടെയും പുരാണങ്ങളുടേയും വാമമാർഗ്ഗികളുടെയും കാലഘട്ടം തുടങ്ങിയെന്നു പറയാം. ശൈവന്മാർ ശിവപുരാണാദികളും ശാക്തേയർ ദേവീഭാഗവതം തുടങ്ങിയവയും വൈഷ്ണവർ വിഷ്ണുപുരാണാദികളും നിർമ്മിച്ചു. സ്വന്തം പേരിൽ ഇവ നിർമ്മിച്ചാൽ അതിന് വേണ്ടത്ര പ്രാമാണ്യം കിട്ടില്ല എന്നു മനസ്സിലാക്കിയ അവർ വ്യാസനെ പ്പോലെയുള്ള പ്രാചീന മഹർഷിമാരുടെ പേരിലാണ് ഇവയെല്ലാം എഴുതി ക്കൂട്ടിയത്. വ്യത്യസ്ത വ്യക്തികൾ എഴുതിയതിനാൽ ഈ പുരാണങ്ങളിൽ പരസ്പര വിരുദ്ധമായ കഥകളും വർണ്ണനകളും ഉണ്ടാവുക സ്വാഭാവികമാണല്ലോ.

മഹർഷി ദയാനന്ദ സരസ്വതി 'സത്യാർത്ഥ പ്രകാശ'ത്തിന്റെ പതി നൊന്നാം സമുല്ലാസത്തിൽ പറയുന്നത് നോക്കുക. "പതിനെട്ടു പുരാണങ്ങുടെയും കർത്താവ് വേദവ്യാസനായിരുന്നുവെങ്കിൽ അതിൽ ഇത്രയും വിഡ്ഢിത്തങ്ങൾ നിശ്ചയമായും ഉണ്ടാവുകയില്ലായിരുന്നു." (തുടരും)

*മാ സ്രേധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

**ഇ**തിൽനിന്നു വ്യക്തമാവുന്നത് ഈ കഥ കൂട്ടിച്ചേർത്തതാണെന്നാണ്. അങ്ങനെയെഴുതുന്നത് വസ്തുതകൾക്ക് യോജിച്ചതല്ല എന്നു തെളിയുന്നു.

രാമായണം പരിശോധിച്ചാലും! ശ്രീരാമൻ മഹാരാജാ ജനകന്റെ രാജധാനിയിലെ ധനുസ്സ് പൊട്ടിച്ചപ്പോൾ രാജാവ് നിശ്ചയിച്ചിരുന്ന പ്രതിജ്ഞ പൂർത്തിയായിരുന്നു. എന്നാൽ മഹാരാജാ ജനകൻ ഉടൻതന്നെ സീതാദേവിയെ രാമലക്ഷ്മണന്മാർക്കൊപ്പം വിശ്വാമിത്രന്റെ നിവാസസ്ഥാനത്തേയ്ക്ക് അയക്കുകയുണ്ടായോ? ഒരിക്കലുമില്ല.

ഇപ്രകാരം ശ്രീരാമന്റെയും മഹാരാജാ ജനകന്റെയും പേരിൽ കള്ളക്കഥയുണ്ടാക്കുന്നവർ തങ്ങളുടെ കള്ളവാർത്തക്ക് വിശ്വാസമുണ്ടാക്കാനായി ഇത്തരം അനാവശ്യ പ്രക്ഷിപ്തങ്ങൾ മഹാഭാരതത്തിലും എഴുതിപ്പിടിച്ചതാണ്.

രാത്രിയിൽ ദ്രൗപദി ഉറങ്ങിയത് കുംഭാരന്റെ ഭവനത്തിൽ! എങ്ങനെയുറങ്ങി? പഞ്ചപാണ്ഡവന്മാരുടെ കാൽക്കീഴിൽ നിലത്ത്! (വിവാഹം കഴിഞ്ഞ് വന്നതാണ്. അതും സാധാരണ കുടുംബത്തിൽ നിന്നല്ല. രാജപുത്രി യാണവൾ. നിലത്തു കിടന്നുറങ്ങേണ്ടിവന്നു എന്നതിനർത്ഥം അവർ ഏതോ മരണവീട്ടിൽ എത്തപ്പെട്ടുവെന്നാണോ? ഏതൊരു കഥാകാരനായാലും ദ്രൗപദിയുടെ ഇത്ര ദയനീയമായ സ്ഥിതിയെക്കുറിച്ച് എഴുതിയത് കഷ്ടം തന്നെയാണ്. ശോകം! മഹാശോകം! ലജ്പത്റായ് അഗ്രവാൾ, വേദിക് മിഷനറി)

ഈ കള്ളക്കഥാകാരൻ ഈ കള്ളം പറയാതിരുന്നുവെങ്കിലും ഭീമസേനനും അർജ്ജുനനുമൊപ്പം കാൽനടയായി ദ്രൗപദി രാജഭവനത്തിൽനിന്ന് കുംഭാരന്റെ വീട്ടിലേക്ക് രഹസ്യമായി എത്തിയിരുന്നില്ലായെങ്കിലും കുന്തി ഇപ്രകാരം പറയുമായിരുന്നോ? ''രണ്ടുപേരും ചേർന്ന് ഇവളെ ഭോഗിച്ചാലും'' എന്ന്. ഈ കള്ളത്തെ സ്ഥാപിക്കാൻ വേണ്ടി മാത്രമാണ് കാൽപ്പനികമായ ഈ കെട്ടുകഥകളെല്ലാം ഉണ്ടാക്കിയത്.

കുറച്ചു സമയത്തേക്ക് മാത്രം ഈ മിഥ്യാവാർത്തകളെല്ലാം അംഗീകരിച്ചാൽ ദ്രൗപദി കാൽനടയായി പാണ്ഡവർക്ക് പിന്നാലെ നടന്നുവെന്നും ഭീമനും അർജ്ജനനും ഒപ്പം ദ്രൗപദി വരുമായിരുന്നോ? കൂട്ടുകാരികളോ ദാസികളോ ആരുമില്ലാതെ? (തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**

(മുൻലക്കത്തിന്റെ തുടർച്ച)



# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"ആത്മീയ, ദൈവിക, ഭൗതിക ജ്ഞാന-വിജ്ഞാന സമ്പന്നമായിരുന്ന ആര്യാവർത്തം അപരിഹാര്യാനേകാനേകം രോഗോൽപാദക മശകങ്ങളെ സൃഷ്ടിക്കുന്ന ചളിക്കുണ്ടായതെങ്ങനെ? ക്ഷയോന്മുഖവും അപൗരുഷേയവുമായ വൈദികയജ്ഞസംസ്കാരത്തിന്റെ - ജീവിതചര്യയുടെ - പൊൻപൊലിമ പരത്തി ദിവാകരതുല്ല്യം വിളങ്ങിനിന്ന ഈ നഗാധിരാജൻ ഹിമാലയസാനു പ്രദേശത്തിന്റെ മന്വാദി ആപ്ത ഋഷിമാർ ഇട്ട പേര് 'ആര്യാവർത്തം' അതായത് ശ്രേഷ്ഠർ (ആപ്തന്മാർ) വസിക്കുന്ന ഭൂപ്രദേശം എന്നായിരുന്നുവല്ലോ. പിന്നീട് ഈ തപോവനഭൂമി ഭാരതമെന്നായി. വ്യക്തിപൂജാന്ധവിശ്വാസമായിരുന്നില്ലേ അത്? വിശാലാദർശോന്നത പദത്തിൽ നിന്ന് ഒരുപടി താഴോട്ടിറങ്ങിയെന്നർത്ഥം. അതിനുശേഷം മുസ്ലീം ആക്രമണമുണ്ടായപ്പോൾ അവർ കാട്ടാളൻ എന്നർത്ഥം വരുന്ന 'ഹിന്ദു'വെന്ന നാമം നൽകി. ഹിന്ദുസ്ഥാൻ - കാഫിറുകളുടെ നാട്- എന്നു വിളിച്ചു. അടിമക്കച്ചവടം നടമാടിയിരുന്ന ഇംഗ്ലണ്ട് അമേരിക്ക തുടങ്ങിയ പാശ്ചാത്യപാതാളീയ രാജ്യങ്ങൾ ഇവിടെ വന്നപ്പോൾ 'അടിമ' എന്ന പദത്തിന്റെ അപഭ്രംശമായ ഇന്ത്യ (India) = അടിമരാജ്യം എന്നു പേരിട്ടു. ആ പേരിലാണ് മഹത്തായ ഈ രാജ്യം ഇപ്പോൾ അറിയപ്പെടുന്നത്. ഇനി എന്തെല്ലാം പേരുകളാണാവോ വരാൻ പോകുന്നത്? ദൈവത്തിനറിയാം. മാനസ സരോവരം പോലെ വിശുദ്ധമായല്ലല്ലോ അതിൽ നിന്നൊഴുകുന്ന നദികൾ സമുദ്രത്തിൽ എത്തുമ്പോൾ. വിവിധ നീരൊഴുക്കുകളും അവയിൽ ചേർന്ന് കലങ്ങില്ലേ? അതുപോലെ രാവണ-ഹൂണ-ശക-ഗ്രീക്ക്- ഇസ്ലാമിക - ഇംഗ്ലീഷാദി അനേകാനേകം ആസുരീഭാവസങ്കരത്വം കൊണ്ടല്ലേ കാലാകാലങ്ങളിൽ ഈ വക പേരുകൾ സ്വീകരിച്ചല്ലേ ഈ ആർഷഭൂമിയുടെ വേഷം പലതായി മാറിയത്? വരും, വരാതിരിക്കില്ല! ഭൂമി കറങ്ങുന്നതാണ്, അതിന്റെ കറക്കമാണ് കാലപരിണാമമുണ്ടാക്കുന്നത്. അതുകൊണ്ട് പ്രപഞ്ചഗ്രന്ഥത്താളുകൾ മാറിമറിഞ്ഞ് അതേ പ്രഥമാര്യാവർത്തത്തിലേക്കു തന്നെ എത്തുമെന്നാണെന്റെ പൂർണ്ണവിശ്വാസം. കാരണം അതിനെ അചഞ്ചലമാക്കിയാൽ സൃഷ്ടി തന്നെ അവതാളത്തിലാകും. ലക്ഷ്യരഹിത ശരീരസമാനം പാച്ചൻ ആലോചനാനിമഗ്നനായിരുന്നു പുലരും വരെ.

പുലർന്നപ്പോൾ ശൗചാദി പ്രാഥമിക കൃത്യങ്ങൾ നിർവഹിച്ചശേഷം ആർ.കെ പരദേശി നിർദ്ദേശിച്ചപോലെ യമുനാതീരത്തുള്ള ഗാന്ധ്യാശ്രമത്തിലേക്ക് തിരിച്ചു. ആറുനാഴിക ദൂരം യാത്ര ചെയ്ത് പത്തുമണിക്കു മുമ്പായി ആശ്രമത്തിലെത്തി.

(തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

(മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

വേദത്തിലും ഇക്കാര്യം പറയുന്നുണ്ട്.

**തമേവ വിദിത്വാതി മൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേ/യനായ||**

(യജുർവേദം 31. 18)

ആ പരമപുരുഷനായ ഈശ്വരനെ അറിഞ്ഞ് ജീവാത്മാവ് മൃത്യു തുടങ്ങിയ ദുഃഖങ്ങളിൽ നിന്ന് രക്ഷനേടുന്നു. മുക്തിക്കായി മറ്റുമാർഗ്ഗങ്ങളൊന്നുമില്ല.

**അകാമോ ധീരോ അമൃതഃ സ്വയംഭൂ രസേന തൃപ്തോ ന കുതശ്ചനോനഃ |**

**തമേവ വിദ്വാന് ന ബിഭായ മൃത്യോരാത്മാനം ധീരമജരം യുവാനമ് ||**

(അഥർവ്വം 10.8.44)

അകാമഃ - തനിക്കായുള്ള കാമനകളൊന്നുമില്ലാത്ത ധീരഃ = വിദ്വാൻ, സർവ്വജ്ഞൻ, തന്റെ നിയമങ്ങളിൽ നിന്ന് വിചലിതനാവാത്തവൻ, അമൃതഃ = മൃത്യു രഹിതൻ, സ്വയംഭൂ= സ്വയമുള്ളവൻ, രസേന തൃപ്തഃ = ആനന്ദത്താൽ പരിപൂർണ്ണൻ, കുതശ്ചന ന ഊനഃ = എവിടേയും ന്യൂനതകളില്ലാത്തവൻ, തം ആത്മാനം ധീരം അജരം യുവാനം ഏവ = ആ സർവ്വവ്യാപകനായ പരമാത്മാവ്, വിദ്വാൻ, ജരാഹീനൻ, ബലവാൻ എന്നിങ്ങനെയുള്ള ഈശ്വരനെ അറിയുന്നവൻ മൃത്യോഃ ന ബിഭായ = മൃത്യു ദുഃഖത്തെ ഭയപ്പെടുന്നില്ല.

**ന ഋതേ ത്വദമൃതാ മാദയന്തേ||** (ഋഗ്വേദം 10.11.1)

അല്ലയോ ഈശ്വരാ! നീയില്ലാതെ മുക്താത്മാവ് ആനന്ദിതനായിത്തീരില്ല.

**രസോ വൈ സഃ രസം ഹി ലബ്ധ്വാ ആനന്ദീ ഭവതി||**

(തൈത്തിരീയ ഉപനിഷത് 2.7)

ആ പരമേശ്വരൻ രസം = ആനന്ദസ്വരൂപനാണ്. അദ്ദേഹത്തെ പ്രാപിച്ച് ജീവാത്മാവ് ആനന്ദയുക്തനായിത്തീരുന്നു.

ജീവാത്മാവിന് തന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ ദുഃഖങ്ങളിൽ നിന്ന് നിവൃത്തിയും ആനന്ദവും പ്രാപിക്കുന്നില്ല. പരമാത്മാവിനെ അറിഞ്ഞാൽ മാത്രമേ യോഗി ആനന്ദയുക്തനും ദുഃഖങ്ങളിൽനിന്ന് മുക്തനുമായിത്തീരുകയുള്ളൂ.

(തുടരും)

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും

(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## അഷ്ടാധ്യായി പ്രവേശിക

**ചോദ്യം:- 'ഋലൃക്' എന്ന പ്രത്യാഹാരസൂത്രം കൊണ്ട് ഏതെല്ലാം പ്രത്യാഹാരങ്ങളാണുണ്ടാക്കുന്നത്?**

**ഉത്തരം :** 'അക്, ഇക്, ഉക്' എന്നീ മൂന്നു പ്രത്യാഹാരങ്ങൾ.

**ചോദ്യം : 'അ, ഇ, ഉ' എന്നീ വർണ്ണങ്ങൾ ഋ, ലൃ, ക് സൂത്രത്തിന്റെ ആദിയിൽ വരുന്നില്ല. പിന്നെ എങ്ങനെയാണ് ഇവയാൽ മുകളിൽ എഴുതിയ പ്രത്യാഹാരങ്ങൾ ഉണ്ടായത്?**

**ഉത്തരം :** ആദി എന്നതുകൊണ്ട് 'ഇത്' വർണ്ണത്തിന് മുമ്പുള്ളത് എന്നാണ് അർത്ഥമാക്കുന്നത്. അതുകൊണ്ട് ആദി വർണ്ണം അതേ സൂത്രത്തിലോ അഥവാ പൂർവ്വ സൂത്രങ്ങളിലോ ആവാം. ഈ നിയമനുസരിച്ചാണ് മുകളിൽ എഴുതിയ പ്രത്യാഹാരങ്ങളും പട്ടികയിൽ പ്രദർശിപ്പിക്കുന്ന പ്രത്യാഹാരങ്ങളും ഉണ്ടാവുന്നത്.

**ചോദ്യം : ആകെ എത്ര പ്രത്യാഹാരങ്ങളുണ്ട്? അവയുടെ ഉദാഹരണങ്ങൾ ഏതെല്ലാം?**

**ഉത്തരം :** ഇത് താഴെ കൊടുക്കുന്ന പട്ടികയിൽ നിന്നറിയുക.

പ്രത്യാഹാരങ്ങളും അവയാൽ ഗ്രഹിക്കപ്പെടുന്ന വർണ്ണങ്ങളുടേയും സൂത്രോദാഹരണ സഹിതം വർണ്ണനം:-

| നമ്പർ | പ്രത്യാഹാര സൂത്രങ്ങൾ | പ്രത്യാഹാരങ്ങൾ | വർണ്ണങ്ങൾ | ഉദാഹരണം |
|---|---|---|---|---|
| 1 | അ ഇ ഉ ണ് | 1. അണ് | അ ഇ ഉ | ഉരണ് രപരഃ (1.1.50) |
| 2 | ഋലൃക് | 1. അക് | അഇഉഋലൃ | അകഃ സവർണേ ദീർഘഃ (6.1.97) |
| | | 2. ഇക് | ഇഉഋലൃ | ഇകോ യണചി (6.1.75) |
| | | 3. ഉക് | ഉഋലൃ | ഉഗിതശ്ച (4.1.6) |
| 3 | ഏഓങ് | 1. ഏങ് | ഏ ഓ | ഏ ങഃ പ ദാ ന്താ ദ തി (6.1.106) |
| 4 | ഐ ഔ ച് | 1. അച് | അഇഉഋ, ലൃഏഓഐഔ | അചോ/ന്ത്യാദി ടി(1.1.63) |
| | | 2. ഇച് | ഇഉഋലൃഏ ഓഐഔ | ഇച ഏകാചോ/മ്പ്രത്യയ വച്ച (6.3.67) |

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10. 28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*



(മുൻലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

**വ്യാപാരി** : "ശരി ഇരുന്നാലും! എത്ര തുണി വേണം?"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "ഒന്നേകാൽ മുഴം"

**വ്യാപാരി** : "കുറച്ചു കൂടുതൽ എടുത്തോളൂ"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "അതിന്റെ സാമ്പിൾ നോക്കട്ടെ. ഇപ്പോൾ നിങ്ങളുടെ കട കണ്ടുവല്ലോ. അടുത്ത തവണ വരുമ്പോൾ കൂടുതൽ എടുക്കാം."

**വ്യാപാരി** : "ശരി".

വ്യാപാരി അളവുകോൽ എടുത്ത് തുണി അളന്നപ്പോൾ കുറച്ചു കുറവ് വരുത്തി അതു ശ്രദ്ധയിൽപ്പെട്ട, തുണി വാങ്ങാൻ വന്നയാൾ എന്താണ് ഇങ്ങനെ അളക്കുന്നത് എന്നു ചോദിച്ചു. ഇതിന്റെ പേരിൽ രണ്ടുപേരും തമ്മിൽ കലഹം തുടങ്ങി.

**വ്യാപാരി** : "നിനക്കെന്നെ വിശ്വസിക്കാനാവുന്നില്ലേ? ഞാൻ മൊതലാളിയോ തൊഴിലാളിയോ? ഞാനെപ്പോഴെങ്കിലും കള്ളം പറയുകയോ ചെയ്യുകയോ ചെയ്തിട്ടുണ്ടോ?"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "നീ വലിയൊരു സത്യവാനാണ്? ഒരു രൂപ വില പറഞ്ഞിട്ട് പത്തണവരെ താഴ്ത്തി പറഞ്ഞില്ലേ? ആറണ കുറച്ചില്ലേ?"

**വ്യാപാരി** : "ഓഹോ! ശരി, നീയും മോശമല്ലല്ലോ! ആറണ പറഞ്ഞിട്ട് പത്തണക്ക് വാങ്ങാൻ തയ്യാറായില്ലേ? കള്ളത്തരമില്ലാതെ ഒന്നും നടക്കില്ല."

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "നീ വലിയ കള്ളനാണ്."

**വ്യാപാരി** : "നീയും അങ്ങനെയാണ്. ഒരുമുഴം തുണിക്കു വേണ്ടി ആരെങ്കിലും ഇത്തരത്തിൽ വഴക്കിടുമോ?"

**വസ്ത്രം വാങ്ങാൻ വന്നയാൾ** : "നീയ്യും കള്ളനാണ് നിന്റെ അച്ഛനും കള്ളനാണ്. എന്റെ ഏഴു പരമ്പരയിൽ പെട്ട ആരും ഒരു കള്ളവും ചെയ്തിട്ടില്ല."

**വ്യാപാരി** : "നീ കള്ളനാണ്. നിന്റെ ഏഴുതലമുറ മുമ്പുള്ളവരും കള്ളന്മാരായിരുന്നു."

(തുടരും)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**

**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**



(മുൻ ലക്കത്തിന്റെ തുടർച്ച)

# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 1

(വീർ സവർക്കറിന്റെ പ്രശസ്തമായ 'മോപ്പള' എന്ന ഉപന്യാസത്തിന്റെ മലയാള തർജ്ജമയാണിത്. ഉടൻ പ്രസിദ്ധീകരിക്കാൻ പോകുന്ന ഈ ചരിത്രനോവലിന്റെ ഏതാനും ഭാഗങ്ങൾ മാസികയിൽ ഖണ്ഡശഃയായി പ്രസിദ്ധീകരിക്കുകയാണ് - പത്രാധിപർ)

### ആമുഖം

ആധുനികഭാരതം കണ്ട വിപ്ലവകാരികളുടെ രാജകുമാരനും ദേശീയ വാദിയുമായിരുന്ന സ്വാതന്ത്ര്യ വീർ വിനായക് ദാമോദർ സവർക്കർ മറാത്തി ഭാഷയിലെഴുതിയ 'മലാ കായ് ത്യാചേ' എന്ന ഉപന്യാസത്തിന്റെ ഹിന്ദി ഭാഷാന്തരത്തിന്റെ മലയാള തർജ്ജമയാണിത്. ഹിന്ദിയിൽ 'മോപ്പള' എന്നാണിതിന്റെ പേര്. ഈ ഉപന്യാസത്തിന്റെ ഇതിവൃത്തം കേരളവും വിശിഷ്യാ മലബാറുമാണ്. 1921ൽ മലബാറിലുണ്ടായ ഭീഷണമായ മാപ്പിള ലഹളയുടെ ഇതിവൃത്തമാണിതിൽ. ഈ കാലഘട്ടത്തിലെ കേരളത്തിന്റെ ഭൂപ്രകൃതിയും സാമൂഹ്യാന്തരീക്ഷവുമെല്ലാം വളരെ ഭംഗിയായി ഈ കൃതിയിൽ വർണ്ണിച്ചിട്ടുണ്ട് മലബാറിലെ 'കുട്ടം' എന്ന ഒരു കൊച്ചുഗ്രാമമാണ് ഈ ഉപന്യാസത്തിന്റെ കേന്ദ്രബിന്ദു. അവിടെയുണ്ടായിരുന്ന നമ്പൂതിരിമാർ, ഷാരോടിമാർ, നായർ, ഈഴവ, തിയ്യ തുടങ്ങിയ സമുദായക്കാരെയൊക്കെ സവർക്കർ വളരെ ഭംഗിയായി ഈ പുസ്തകത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഒരു സാമാന്യ കേരളീയന്റെ അനുഭവജ്ഞാനം സവർക്കർക്ക് എങ്ങനെ ലഭിച്ചുവെന്നത് ആശ്ചര്യജനകമായി വായനക്കാർക്ക് തോന്നാം. അതിലും ആശ്ചര്യ ജനകമായിട്ടുള്ളത് നൂറുവർഷത്തോളമായിട്ടും എന്തുകൊണ്ട് ഈ പുസ്തകം മലയാളത്തിൽ ഇറങ്ങിയിട്ടില്ല എന്നതാണ്.

മാപ്പിള ലഹളയുടെ നൂറാം വാർഷികത്തിലേക്ക് പ്രവേശിക്കാൻ ഇനി അധികം സമയമില്ല. 2019 സെപ്തംബർ 13, 14, 15 തിയ്യതികളിൽ കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ചു നടന്ന 'ചിന്തൻ ശിബിര'ത്തിലെ ഒരു അജണ്ട മാപ്പിളലഹളയുടെ നൂറാം വാർഷികത്തിൽ ഹിന്ദുസമാജത്തിന്റെ സുരക്ഷക്കും സാമൂഹിക സാമ്പത്തിക ആദ്ധ്യാത്മിക ഉന്നമനത്തിനും വേണ്ടുന്ന കാര്യപദ്ധതി ആസൂത്രണം ചെയ്യലായിരുന്നു. അതിലൊന്ന് സാഹിത്യ പ്രകാശനമാണ്. അതിന്റെ ഭാഗമായാണ് ഈ ഗ്രന്ഥം മലയാളത്തിലേക്ക് മൊഴിമാറ്റുന്നത്. (തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(മുൻലക്കത്തിന്റെ തുടർച്ച)



# വൈദിക നിത്യകർമ്മവിധി എന്ത്, എന്തിന്?

കെ. എം. രാജൻ

## ആമുഖം

**ലോക**മെമ്പാടുമുള്ള ഈശ്വരവിശ്വാസികൾക്ക് അവരുടെ മതസമ്പ്രദായങ്ങൾക്ക് അനുരൂപമായ ഉപസാനാപദ്ധതികളുണ്ട്. വിശ്വത്തിലെ പ്രബല മതവിഭാഗങ്ങൾ ആയ ക്രിസ്തുമതം, ഇസ്ലാംമതം, ജൂതമതം എന്നിവക്കു പുറമെ ഈ പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ടും കൂട്ടായും വസിക്കുന്ന ഗോത്രവർഗ്ഗക്കാർക്കും തങ്ങളുടേതായ അടിസ്ഥാന മതഗ്രന്ഥങ്ങളും ആചാരാനുഷ്ഠാനങ്ങളും ഉണ്ട്. ഈ മതവിഭാഗങ്ങൾക്കെല്ലാം അവരുടേതായ ഒരേകീകൃത സ്വാഭാവവും അനുഷ്ഠാനങ്ങളും പൊതുവെ കാണപ്പെടുന്നുണ്ട്. ഏഴാംകടലിനക്കരെ വസിക്കുന്ന വെള്ളക്കാരനായ ഇസ്ലാം വിശ്വാസിയും നമ്മുടെ കൊച്ചു കേരളത്തിലെ ഒരു കുഗ്രാമത്തിൽ ജീവിക്കുന്ന ഇസ്ലാം വിശ്വാസിക്കും ഖുർആൻ ആണ് പരമ പ്രമാണം. അഞ്ചുനേരത്തിലെ നിസ്കാരത്തിലും വ്യത്യാസമില്ല. ക്രിസ്തുമത വിശ്വാസികളുടെ കാര്യവും ഏതാണ്ട് ഇപ്രകാരമാണ്. ഇവരിൽ ഒരുപാട് വൈരൂപ്യങ്ങളും ഭിന്നതകളുമുണ്ട് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.

എന്നാൽ നൂറ്റിതൊണ്ണൂറ്റിയേഴു കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി നാൽപത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി ഇരുപത്തിയൊന്നു വർഷങ്ങളോളം [1972949121 വർഷങ്ങൾ- (ഇതു ക്രിസ്തുവർഷം 2019 ഒക്ടോബർ പ്രകാരമാണ്)] പഴക്കമുള്ള ഈ സൃഷ്ടിയിലെ മാനവരുടെ ഏറ്റവും പ്രാചീനമായ വൈദിക ധർമ്മത്തിന് ഒരു ഏകീകൃതസ്വഭാവം ഇല്ല എന്നതാണ് പൊതുവെയുള്ള ധാരണ. മുപ്പത്തിമുക്കോടി ദേവതകളെ പൂജിക്കുന്ന അതിലധികം അവാന്തരവിഭാഗങ്ങൾ കാണപ്പെടുന്ന നമ്മുടെ ഹിന്ദുമതം എന്നപേരിൽ അറിയപ്പെടുന്ന സത്യസനാതന വൈദികധർമ്മത്തിന് തികച്ചും ഏകരൂപമുള്ളതും ശാസ്ത്രസമ്മതവുമായ ഒരടിസ്ഥാനമത ഗ്രന്ഥവും ദേശകാലാതീതമായ ഒരനുഷ്ഠാനപദ്ധിയുമുണ്ടെന്നകാര്യം തിരിച്ചറിയാൻ മഹാഭാരതയുദ്ധശേഷം ഏറെ നൂറ്റാണ്ടുകളോളം വേണ്ടിവന്നു. (തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(മുൻലക്കത്തിന്റെ തുടർച്ച)



# സൽസന്താനങ്ങളുടെ നിർമ്മാണം

അജിതഗണേഷ്

**സ**ത്സന്താന സൃഷ്ടിയാണ് വൈദിക ധർമ്മം, വിവാഹ സംസ്കാരം കൊണ്ടുദ്ദേശിക്കുന്നത്. വൈദിക വിവാഹ ചടങ്ങിലെ നേരത്തെ വിവരിച്ച വേദമന്ത്രങ്ങൾ തന്നെ അതു വ്യക്തമാക്കുന്നുണ്ട്. പ്രതിജ്ഞ, ലാജാഹോമം, സപ്തപദി തുടങ്ങിയ വിവാഹചടങ്ങുകളിലും ഇക്കാര്യത്തെ വളരെ പ്രാധാന്യത്തോടെ വർണ്ണിക്കുന്നുണ്ട്. ഉത്തമസന്താന നിർമ്മാണ പ്രക്രിയ ഗർഭാധാനത്തിന് മുമ്പ് ആരംഭിക്കുന്നു. എങ്ങനെയാണോ ഒരു വീട് നിർമ്മിക്കുന്നതിനു മുമ്പ് അതിന്റെ പ്ലാനും മറ്റും തയ്യാറാക്കി ഗുണമേന്മയുളള നിർമാണസാമഗ്രികൾ ഉപയോഗിച്ച് ചിട്ടയോടെ ക്രമത്തിൽ പണി ആരംഭിക്കുന്നത്, അതേപോലെ ഉത്തമ സന്താന നിർമാണത്തിന് വേണ്ട തയ്യാറെടുപ്പുകൾ ചെയ്തേ പറ്റൂ. ഭാര്യാഭർത്താക്കന്മാരുടെ രജോവീര്യം എപ്രകാരമാണോ അപ്രകാരമുളള സന്താനങ്ങളാണ് ഉണ്ടാവുക. അതിനാൽ ഗർഭാധാനത്തിന് മുമ്പുതന്നെ ദമ്പതിമാർ ഭക്ഷണം, ദിനചര്യ, എന്നിവ ചിട്ടപ്പെടുത്തണം. ബുദ്ധിയുടെയും ആരോഗ്യത്തിന്റെയും വർദ്ധനവിന് യോജിച്ച ശുദ്ധസാത്വികാഹാരം കഴിക്കേണ്ടത് അത്യാവശ്യമാണ്. ബൗധായന ഗൃഹ്യസൂത്രത്തിൽ (1.7) ഇത് വ്യക്തമായി പറയുന്നുണ്ട്. 'അഥ യദി കാമയേത്' ഇതി ആ-അരുന്ധത്യുപസ്ഥാനം കൃത്വാ ത്രിരാത്രമക്ഷരാലവണാശിനാവധശ്ശായിനൗ ബ്രഹ്മചാരിണാവാസാത്തെ॥ അതായത് 'ശ്രോത്രിയൻ' (വേദജ്ഞൻ) ആയ സന്താനത്തെ ഇച്ഛിക്കുന്നുവെങ്കിൽ ദമ്പതികൾ മൂന്നുദിവസം ക്ഷാരലവണങ്ങൾ അടങ്ങാത്ത ഭക്ഷണം കഴിക്കണം. ബ്രഹ്മചര്യം പാലിച്ചു നിലത്തു കിടക്കണം. ചരകസംഹിതയുടെ ശരീരസ്ഥാനം 81.34 ലും സത്സന്താന നിർമ്മാണത്തിന് വേണ്ട തയ്യാറെടുപ്പുകളെക്കുറിച്ച് പറയുന്നുണ്ട്. (തുടരും)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



## ബൈബിൾ സ്വയം മാറ്റുരയ്ക്കുമ്പോൾ

# സത്യം അറിയുക. സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8.32)

സത്യകാമൻ

ഹിന്ദു ധർമ്മപ്രകാരം പ്രപഞ്ചസൃഷ്ടി ദൈവം കേവലം ആറുദിവസംകൊണ്ട് തട്ടിപ്പടച്ചുണ്ടാക്കി ഏഴാം ദിവസം വിശ്രമിക്കാൻ പോയ കഥയല്ല. മുമ്പ് ഇല്ലാത്തതൊന്നും ഉണ്ടായിട്ടില്ല. ആരംഭമുള്ള ഒന്നിനേ കാരണം ആവശ്യമുള്ളൂ. സമയം, സ്പേസ് എന്നിവക്കെന്നപോലെ തന്നെ പ്രപഞ്ചത്തിനും ആരംഭമില്ല. അതിന് ഒരു കാരണവും ആവശ്യമില്ല. ഈ പ്രപഞ്ചം ഇവിടെ തന്നെയുള്ളതാണ് ആരംഭമില്ലാത്ത പ്രപഞ്ചത്തിൽ സ്ഥിതി ചെയ്യുന്ന പ്രകൃതി ശക്തിയാണ് ഈശ്വരൻ എന്ന വിവക്ഷകൊണ്ട് ഹിന്ദുധർമ്മം അനുശാസിക്കുന്നത്. പ്രപഞ്ചത്തിനും അതീതമായി ഒരു ദൈവമില്ലെന്നും പ്രപഞ്ചം തന്നെയാണ് ദൈവമെന്നും സ്വാമി വിവേകാനന്ദൻ ഉറപ്പിച്ചുപറയുന്നു. "ഈ പ്രപഞ്ചം പ്രപഞ്ചത്തിനതീതമായ ഒരു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല. ഇത് ബാഹ്യമായ ഒരു അമാനുഷിക ശക്തിയുടെ പ്രവർത്തനഫലമല്ല. അത് സ്വയം സൃഷ്ടിക്കുന്നു. സ്വയം പ്രകാശിക്കുന്നു. സ്വയം ഇല്ലാതാകുന്നു." പ്രപഞ്ചം ഈശ്വരൻ സൃഷ്ടിച്ചുവെന്നു പറഞ്ഞാൽ ഈശ്വരനെങ്ങനെയുണ്ടായി.? ഈശ്വരനെ ആരു സൃഷ്ടിച്ചു. ഇങ്ങനെ ചോദിക്കുന്നതിൽ തെറ്റില്ല.

"പ്രപഞ്ചം ആരാലും സൃഷ്ടിക്കപ്പെട്ടതല്ല. ഭൗതിക പദാർത്ഥവും ആത്മാവും ഒരുപോലെ അനാദിയും യാഥാർത്ഥ്യവുമാണ്." (ജൈനദർശനം)

ശാസ്ത്രം - 2

"അവൻ ഭൂമിയെ അതൊരിക്കലും ഇളകിപ്പോകാത്തവണ്ണം അതിന്റെ അടിസ്ഥാനത്തിൻമേൽ സ്ഥാപിച്ചിരിക്കുന്നു" (സങ്കീർത്തനം 140.5)

ഇളകാതെ ഒരു സ്ഥലത്തു പ്രതിഷ്ഠിച്ചിട്ടുള്ള ഒരിക്കലും ചലിക്കാതെ നിൽക്കുന്ന ഭൂമിയെപ്പറ്റിയാണ് ബൈബിളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഭൂമി ഉരുണ്ടതാണെന്നും അത് സൂര്യനെ ചുറ്റുകയാണെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ കോപ്പർനിക്കസ്സ് സ്ഥാപിച്ച സിദ്ധാന്തം ദൈവനിഷേധവും ക്രിസ്തുമത നിഷേധവുമായി സഭ വ്യാഖ്യാനിച്ചു. ഇതേ ആശയം സമർപ്പിച്ചതിന് ക്രൈസ്തവസഭ ബ്രൂണോ എന്ന ശാസ്ത്രജ്ഞനെ മതദ്രോഹവിചാരണ നടത്തി ചുട്ടുകൊന്നു.

(തുടരും)

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.



# Dayananda The Great

Ved Mitra

## Preamble

In this article, a sincere effort is made to present Maharshi Swami Dayananda Saraswati (1825 1883) in his original form.

No emotions, no feelings, no sensations, and no exaggerations at all.

Rigid and austere as he was, with the same rigidity and austerity, this article has been brought about.

Readers, here, will find a true picture of Dayananda - the great spiritual hero of his days.

Dayananda believed in the Vedas and the Vedas alone. He made the Vedas , the anchor-sheet of his life, upon which he stood adamantine like a rock, carcked and crushed anything and everything that came in his way, while preaching the superb and sublime wisdom of the Vedas. He was always victorious and glorious and never defeated. He roared like a lion the mighty philosphical uproars of the Vedas and Vedic literature.

Pundits, Prophets and Popes of India were startled. They all came to meet him halfway but all were smashed to the level, one after another without any exception whatsover He, with his sparkling talents and unbeaten genious, beautifully blended with bold understanding and gigantic will - force, came out with flying colors, with the grace of a mighty champion. A formidable aggression, from different scholars of the different branches of the different sects, followed him day and night. From dawn to dusk he was busy in discussing, preaching talking, and arguing with these scholars. No scholar ever defeated him.

(To be continued)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !




# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

ഇതേ വിഷയം തന്നെ അടുത്ത മന്ത്രത്തിൽ വീണ്ടും ആവർത്തിക്കുന്നു.

മേധാമിത്യസ്യ മേധാകാമ ഋഷിഃ। പരമേശ്വരവിദ്വാംസൗ ദേവതേ। നിചൃദ്

ബൃഹതീച്ഛന്ദഃ। മധ്യമഃ സ്വരഃ॥

**മേധാം മേ വരുണോ ദദാതു മേധാമഗ്നിഃ പ്രജാപതിഃ।**

**മേധാമിന്ദ്രശ്ച വായുശ്ച മേധാം ധാതാ ദദാതു മേ സ്വാഹാ॥** (യജു. 32.15)

**അന്വയവും ഭാവാർത്ഥവും** : അല്ലയോ മനുഷ്യരെ! ഏതുപോലെയാണോ (വരുണഃ) അതിശ്രേഷ്ഠനായ പരമേശ്വരൻ അഥവാ വിദ്വാൻ (സ്വാഹാ) ധർമ്മത്തോട് കൂടിയ ക്രിയ കൊണ്ട് (മേ) എനിക്കായിക്കൊണ്ട് (മേധാം) ശുദ്ധമായ ബുദ്ധിയെ അഥവാ ധനത്തെ (ദദാതു) തന്നരുളുന്നതും (അഗ്നിഃ) വിദ്യയാൽ പ്രകാശിക്കപ്പെടുന്നതും (പ്രജാപതിഃ) പ്രജയെ രക്ഷിക്കുന്നതുമായ (മേധാം) ബുദ്ധിയെ നൽകുന്നതും (ഇന്ദ്രഃ) പരമൈശ്വര്യമാർന്ന (മേധാം) ബുദ്ധിയെ പ്രദാനം ചെയ്യുന്നതും (ച ധാതാ) മുഴുവൻ ലോകത്തേയും അഥവാ രാജ്യത്തേയും ധരിക്കുന്ന ഈശ്വരൻ അഥവാ വിദ്വാൻ (മേ) എനിക്കായിക്കൊണ്ട് ബുദ്ധി, ധനത്തെ (ദദാതു) നല്കിയാലും. അതുപോലെ നിങ്ങൾക്കും തന്നരുളട്ടെ.

മനുഷ്യർ ഏതുപോലെ തങ്ങൾക്കുവേണ്ടി ഗുണകർമ്മ സ്വഭാവത്തേയും സുഖത്തേയും ഇച്ഛിക്കുന്നുവോ, അതുപോലെ മറ്റുളള വർക്കു വേണ്ടിയും ഇച്ഛിക്കേണ്ടതാകുന്നു. ഏതുപോലെ അവനവന്റെ ഉന്നതി ആഗ്രഹിക്കുന്നുവോ അതുപോലെ പരമേശ്വരനോടും വിദ്വജ്ജനങ്ങളോടും മറ്റുളളവരുടെ ഉന്നതിക്കുവേണ്ടി യാചിക്കണമെന്നും കേവലം പ്രാർത്ഥന മാത്രം പോരാ മറിച്ച് സത്യാചരണം നടത്തണമെന്നും വിദ്വാന്മാരെ സമീപി ക്കുന്ന അവസരത്തിലെല്ലാം എല്ലാവരുടെയും മംഗളത്തിനു വേണ്ടിയുള്ള ചോദ്യങ്ങളുന്നയിക്കുകയും ഉത്തരം കേൾക്കുകയും പിന്നീടത് പ്രാവർത്തികമാക്കുകയും വേണമെന്നു താൽപര്യം. (തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !


# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദഗുരുകുലത്തിലേക്ക് അടുത്ത അദ്ധ്യയനവർഷത്തേക്കുള്ള പ്രവേശനം ആരംഭിച്ചു.

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണയിൽ പ്രവർത്തിക്കുന്ന വേദഗുരുകുലം ഉന്നതിയുടെ പടവുകളേറി നാലു വർഷം പൂർത്തിയാക്കിയിരിക്കുന്നു. അഷ്ടാദ്ധ്യായി വ്യാകരണപഠനത്തിൽ തുടങ്ങി, ചിട്ടയോടെ പടിപടിയായി സാംഗോപാംഗം വേദപഠനത്തോടൊപ്പം ആധുനിക വിദ്യഭ്യാസവും നൽകുന്നു. കൂടാതെ കളരി, മൃദംഗം, തബല എന്നിവയുടെ പരിശീലനവും നൽകുന്നു. 2020 ഏപ്രിൽ 6ന് ആരംഭിക്കുന്ന പുതിയ അദ്ധ്യയന വർഷത്തേക്ക് 7,8,11 ക്ലാസുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷകൾ അയക്കാവുന്നതാണ്. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ : 7907077891, 9562529095

എന്ന്

വി. ഗോവിന്ദദാസ്, അധ്യക്ഷൻ, വേദഗുരുകുലം



യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)

രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.

ഒരു ആര്യസമാജം പ്രസിദ്ധീകരണം RNI NO. KERMAL/2013/53849
Date of Publication 10/02/2020 REGISTERED NO. OTTAPALAM/5/2020-23

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs. 10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി - Rs. 200.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
18. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

**(പോസ്റ്റേജ് ചെലവ് പുറമെ)**

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

Email: dayanandasandesam@gmail.com Phone: 7907077891, 9562529095